**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1694** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനത്തിനായി ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (എ) | കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനത്തിനായി മാത്രം പ്രത്യേക പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ നിലവിൽ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് നിലനിൽക്കുന്ന സ്ഥലത്ത് കോഴിക്കോട് സർക്കാർ പോളിടെക്നിക്ക് കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ കോഴിക്കോട് എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലുണ്ട്. |
| (ബി) | ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. അങ്ങനെയുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക്, പ്ലാൻ ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച്, തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്കൂളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. അങ്ങനെയുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക്, പ്ലാൻ ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച്, തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ